# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം 2010 ലെ ആറാമത് യു.ജി.സി. സ്കീം അപേക്ഷ സമർപ്പിക്കൽ അവസാന തീയതി നീട്ടുന്നത് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു

===========================================================================

**അക്കാദമിക് ബി 5 സെക്ഷൻ**

നം. 7475/ബി 5/ അക്കാദമിക് /2017 പ്രിയദർശിനി ഹിൽസ്, 16 –12–2017

===========================================================================

പരാമർശം:- 1. പരിപത്രം നമ്പർ എസി.ബി.5/1/570/2017 തീയതി, 29.06.2017.

2. സ.ഉ.നം.5483/എസിബി5/അക്കാദമിക്/2017 തീയതി 13.09.2017.

3. 29/11/2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സിലെ ഇനം നമ്പർ.15/17.15/175020

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം യു.ജി.സി. റഗുലേഷൻ 2010 അനുസരിച്ച് സ്ഥാനക്കയറ്റം ലഭിക്കേണ്ട എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റ ശുപാർശകൾ കോളേജ് പ്രിൻസിപ്പൽമാർ സെപ്റ്റംബർ 1 ന് മുമ്പ് സർവ്വകലാശാലയിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ 25/08/2017- ൽ അഫിലിയേഷനും അപ്പ്രൂവലിനും വേണ്ടിയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി യോഗം അധ്യാപകരുടെ സ്ഥാനക്കയറ്റത്തിനായുള്ള ശുപാർശകൾ സമർപ്പിക്കേണ്ട അവസാന തീയതി 2017-18 ലേക്കുമാത്രമായി 2017 ഒക്ടോബർ 10 ലേക്ക് നീട്ടാനും ശുപാർശകൾ സ്ക്രീനിംഗ് കമ്മിറ്റി റിപ്പോർട്ടിനൊപ്പം പ്രിൻസിപ്പൽ/ഏറ്റവും മുതിർന്ന അധ്യാപകൻ/കോളേജ് മാനേജർ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.

ടി തീരുമാനം മഹാത്മാഗാന്ധി സർവ്വകലാശാല ചട്ടം 1985, വകുപ്പ് III.10(17) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ.വൈസ് ചാൻസലർ ഉത്തരവായിരുന്നു.

മഹാത്മാഗാന്ധി സർവകലാശാല ആക്ടിലെ അധ്യായം III.10(17) വകുപ്പ്പ്രകാരം വൈസ് ചാൻസലർ കൈകൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.09.2017 ലെ 5483/എസിബി5/അക്കാദമിക്/2017 നമ്പർ ഉത്തരവും പരാമർശം (3) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ശ്രീരാജ് ആർ**
**അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)**
**(രജിസ്ട്രാർക്കു വേണ്ടി)**

**പകർപ്പ്:**

1. വൈസ് ചാൻസലറുടെ /പ്രൊ–വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാറുടെ പി.എ.
3. എസിസി I, II /ഐ.ക്യൂ.എ.സി
4. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/റെക്കോർഡ്സ്
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

**ആജ്ഞാനുസരണം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നമ്പർ: എ.സി.ബി 5/1/570/2017**